**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3611** **08-10-2025 - ൽ മറുപടിയ്ക്ക്**

**കേരള ബിൽഡിംഗ് ടാക്സ് പോർട്ടൽ തകരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കേരള ബിൽഡിംഗ് ടാക്സ് പോർട്ടൽ തകരാറിലായത് കാരണം ജനങ്ങൾക്ക് പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. 2021 മുതൽ സി - ഡിറ്റ് വികസിപ്പിച്ച കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം മൊഡ്യൂൾ കാലഹരണപ്പെട്ടിട്ടുള്ളതിനാൽ ആവശ്യമായ മാറ്റങ്ങൾ അടിയന്തരമായി വരുത്തി പുതിയ മൊഡ്യൂൾ സ്റ്റേറ്റ് ഡാറ്റ സെന്ററിൽ 30-07-2025 ന് ഹോസ്റ്റ് ചെയ്തിട്ടുള്ളതും റവന്യൂ വകുപ്പിലെ കെ.ബി.റ്റി. യുമായി ബന്ധപ്പെട്ട എല്ലാ റവന്യൂ ഉദ്യോഗസ്ഥർക്കും ട്രെയിനിംഗ് നൽകിയിട്ടുള്ളതുമാണ്. തുടർന്ന് ഉദ്യോഗസ്ഥർ അഭിമുഖീകരിക്കുന്ന പോർട്ടൽ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിച്ച് വരികയും ചെയ്യുന്നുണ്ട്. |
| (ബി) | പ്രസ്തുത സോഫ്റ്റ് വെയർ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമായിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | നിലവിൽ താലൂക്കുകളിൽ ടി പോർട്ടൽ മുഖേന കെട്ടിട നികുതി നിർണ്ണയം നടത്തി വരുന്നുണ്ട്.കൂടാതെ വിവിധ ഓഫീസുകളിൽ നിന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള സാങ്കേതിക തകരാറുകൾ ഓരോന്നായി പരിഹരിച്ച് വരുന്നുണ്ട്. |
| (സി) | ഇത്തരത്തിൽ സോഫ്റ്റ് വെയർ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നപക്ഷം അടിയന്തരമായി അവ പരിഹരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | സ്റ്റേറ്റ് ഐ.ടി സെല്ലും സി- ഡിറ്റും ചേർന്ന് സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലെയും കെട്ടിട നികുതിയുമായി ബന്ധപ്പെട്ട വിഷയം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുമായി വെബ് മീറ്റിംഗ് മുഖേന interaction നടത്തുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുപ്രകാരം താലൂക്കുകളുമായുള്ള അവലോകനം പൂർത്തികരിക്കുകയും അവർ അഭിമുഖീകരിക്കുന്ന പോർട്ടൽ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിച്ച് വരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ